THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| GRADE : 6<br><br>LANGUAGE : 2 | CPE-4 [2021-2022]<br><br>MALAYALAM | MARK : 40<br>TIME : 2 HOUR<br>DATE : 28/30/2022 |
|---|---|---|

## SECTION - A

## OBJECTIVE [20 MARK]

**I.** ഉത്തരം കണ്ടെത്തുക **[10 x 2 =20 ]**

1 .സീതയെ രാമനിൽ നിന്നും അകറ്റാൻ മാനിന്റെ വേഷത്തിൽ വന്ന രാക്ഷസൻ ആരായിരുന്നു?

A ) രാവണൻ B) കാർക്കോടകൻ C) മാരീചൻ

2 .ചാക്യാർകൂത്തിലെ പ്രധാന വാദ്യോപകരണം ഏത്?

A ) ചെണ്ട B ) മിഴാവ് C ) തബല

3 . കൃഷ്ണന്റെയും കുചേലന്റെയും ഗുരു ആര്?

A ) വസിഷ്ഠമഹർഷി B ) സാന്ദീപനീമഹർഷി C ) വ്യാസമഹർഷി

4 . ഹിരോഷിമയിൽ പതിച്ച അണുബോംബിന്റെ പേര് എന്ത്?

A ) എനോളഗെ B ) ലിറ്റിൽ ബോയ് C ) ഫാറ്റ്മാൻ

5 . 'കദാചന' എന്ന വാക്കിന്റെ അർഥം എന്ത്?

A ) കഥകൾ B ) വേഗത്തിൽ C ) ഒരിക്കൽ

6 . 'ഭാര്യ' എന്ന വാക്കിന്റെ പര്യായം കണ്ടെത്തുക?

A ) പതി B ) കാന്ത C ) കാന്തൻ

7 . 'മന്ദം' എന്ന വാക്കിന്റെ വിപരീതം എന്ത്?

A ) ശീഘ്രം B ) പതിയെ C സുഗന്ധം

8 . അണബോംബിന്റെ കണ്ടുപിടിത്തത്തിന് വഴിത്തിരിവായ സിദ്ധാന്തം ആവിഷ്കരിച്ച ശാസ്ത്രജ്ഞൻ ആര്?

A ) ഹെർബർട്ട് ഹുവർ B ) ഐൻസ്റ്റീൻ C ) എച്ച് ജി വെൽസ്

9 . വേദങ്ങൾ എത്ര?

A ) രണ്ട്   B ) നാല്   C ) ആറ്

10 . 'പൊന്മാൻ' എന്ന പാഠഭാഗം എഴുത്തച്ഛന്റെ ഏത് കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്?

A ) അദ്ധ്യാത്മരാമായണം   B ) കിളിപ്പാട്ട്   C ) അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

## SECTION B

## SUBJECTIVE [MARK - 20 ]

**II .** കത്തെഴുതുക **(1 X 5 =5 )**

11 . കൊറോണക്കാലത്തെ ഓൺലൈൻ ക്ലാസ്സിന്റെ വിശേഷങ്ങൾ പങ്കുവെച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക.

അല്ലെങ്കിൽ

അവധി ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ പ്രിൻസിപ്പലിന് ഒരു കത്തെഴുതുക.

**III .** താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക? **(3 X 1 =3 )**

മലയാള കവിതയിലെ യുഗപ്രഭാവന്മാരാണ് ആശാനും ഉള്ളൂരും വള്ളത്തോളും.ഇവരെ പൊതുവെ ആധുനിക കവിത്രയം എന്ന് വിശേഷിപ്പിച്ചുവരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിൽ നിലനിന്നിരുന്ന അനീതികൾക്കെതിരെ ആശാൻ തന്റെ കവിതകളിലൂടെ മറുപടി പറഞ്ഞു. ദേശീയ സ്വാതന്ത്ര്യമായിരുന്നു വള്ളത്തോളിന്റെ ലക്ഷ്യം.ഉള്ളൂരാകട്ടെ ഭാരതത്തിന്റെ പാരമ്പര്യത്തിൽ ഊന്നിനിന്നുകൊണ്ട് കരുത്ത് പകരാനാണ് ശ്രമിച്ചത്. ഉമാകേരളം എന്ന മഹാകാവ്യത്തിന്റെ രചനയോടെ ഉള്ളൂരും ചിത്രയോഗത്തിന്റെ രചനയിലൂടെ വള്ളത്തോളും മഹാകവി എന്ന സ്ഥാനം നേടിയെടുത്തു.എന്നാൽ ആശാൻ മഹാകാവ്യങ്ങൾ ഒന്നും എഴുതാതെ തന്നെ മഹാകവി എന്ന സ്ഥാനത്തിന് അർഹനായി.

12 . ആധുനിക കവിത്രയം എന്ന പേരിൽ അറിയപ്പെടുന്നത് ആരെല്ലാം?

13 . ആശാന്റെ കവിതകളുടെ പ്രത്യേകത എന്ത്?

14 . ഉള്ളൂരിനെ മഹാകവി എന്ന സ്ഥാനത്തിന് അർഹനാക്കിയ കാവ്യം ഏത്?

**IV .** പിരിച്ചെഴുതുക **(2 X 1 =2 )**

15 . തമാശയല്ല

16 . മോഹമേറെ

**V .** വാക്യത്തിൽ പ്രയോഗിക്കുക **(2 X 1 =2 )**

17 . കുതിച്ചുചാടുക

18 . കരുതിവയ്ക്കുക

**VI .** ഉത്തരം എഴുതുക **( 4 X 2 =8 )**

19 . അണുബോംബ് വീണപ്പോഴുള്ള ഹിരോഷിമ നഗരത്തിന്റെ അവസ്ഥ വിവരിക്കുക?

20 . കൃഷ്ണനും കുചേലനും പരസ്പരം പങ്കുവെച്ച ബാല്യകാല ഓർമ്മകൾ എന്തെല്ലാം?

21 . തുള്ളൽ എന്നും മലയാളികളെ ആകർഷിക്കുന്നത് എന്തുകൊണ്ട്?

22 . രാമൻ പൊന്മാനിനുനേരെ അമ്പയക്കാൻ കാരണമെന്ത്?